ഗ്രാമിൻ കൃഷി മ aus സം സേവ
ഇന്ത്യ കാലാവസ്ഥാ വകുപ്പ്
കേരള കാർഷിക സർവകലാശാല

# അഗ്രോമെറ്റ് ഉപദേശക ബുള്ളറ്റിൻ

തീയതി : 23-09-2025

പാലക്കാട്(കേരളം) കാലാവസ്ഥാ പ്രവചനം - പ്രസിദ്ധീകരിച്ചത് :2025-09-23 ( അടുത്ത 5 ദിവസങ്ങളിൽ 8:30 IST വരെ സാധുവാണ്)

| ಹವಾಮಾನ ಅಂಶ | 2025-09-24 | 2025-09-25 | 2025-09-26 | 2025-09-27 | 2025-09-28 |
|---|---|---|---|---|---|
| മഴ (മില്ലീമീറ്റർ) | 2.0 | 2.0 | 2.0 | 5.0 | 6.0 |
| ടിമാക്സ് (° C) | 33.0 | 33.0 | 32.0 | 31.0 | 31.0 |
| ടിമിൻ (° C) | 24.0 | 24.0 | 24.0 | 24.0 | 24.0 |
| RH I (%) | 85 | 85 | 85 | 85 | 85 |
| RH II (%) | 75 | 75 | 75 | 75 | 75 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ) | 8 | 6 | 4 | 6 | 8 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 230 | 200 | 230 | 230 | 200 |
| ക്ലൗഡ് കവർ (ഒക്ട) | 8 | 7 | 8 | 8 | 8 |
| മുന്നറിയിപ്പ് | മുന്നറിയിപ്പ് ഇല്ല | മുന്നറിയിപ്പ് ഇല്ല | ഇടി, മിന്നൽ, കൊടുങ്കാറ്റ് മുതലായവ | ഇടി, മിന്നൽ, കൊടുങ്കാറ്റ് മുതലായവ | ഇടി, മിന്നൽ, കൊടുങ്കാറ്റ് മുതലായവ |

## മുന്നറിയിപ്പ് സംഗ്രഹം:

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്കു സാധ്യത. കേരളത്തിൽ ശരാശരിക്കും, ശരാശരിയേക്കാൾ കൂടുതലും മഴ ലഭിക്കാൻ സാധ്യത. 2025 സെപ്റ്റംബർ 25 മുതൽ 27 വരെ കേരളത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്ക് സാധ്യത.

## കാലാവസ്ഥ മുന്നറിയിപ്പുകൾ (അടുത്ത ദിവസം 08:30 IST വരെ പ്രായോഗികം):

മുന്നറിയിപ്പുകൾ ഒന്നുമില്ല

## കാലാവസ്ഥ മുന്നറിയിപ്പുകൾക്കുള്ള agrícolas അനുഭവങ്ങൾ, അനുബന്ധമായ എഗ്രോമെറ്റ് ഉപദേശം:

2025 സെപ്റ്റംബർ 25 മുതൽ 27 വരെ കേരളത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്ക് സാധ്യത.

## പൊതു ഉപദേശം:

| |
|---|
| പൊതുനിർദേശങ്ങൾ:-. സ്പ്രേയിങ്ങും വളപ്രയോഗവും കഴിവതും തെളിഞ്ഞ കാലാവസ്ഥയിൽ മാത്രം ചെയ്യുക. കീട രോഗ സാധ്യത കൂടിയ സാഹചര്യമായതിനാൽ കൃത്യമായി വിളകൾ നിരീക്ഷിക്കുകയും തുടക്കത്തിൽ തന്നെ അവയെ നിയന്ത്രിക്കാൻ ശ്രമിക്കുകയും ചെയ്യുക. കീടരോഗ നിയന്ത്രണം സമീപത്തുള്ള കർഷകർ കൂട്ടായ പ്രവർത്തനത്തിലൂടെ ചെയ്യുന്നത് വീണ്ടും രോഗം ബാധിക്കുന്നതു ഇല്ലാതാക്കാൻ കഴിയും. |

## SMS ഉപദേശം:

| |
|---|
| IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്കു സാധ്യത. |

## വിള നിർദ്ദിഷ്ട ഉപദേശം:

| വിള | വിള നിർദ്ദിഷ്ട ഉപദേശം |
|---|---|
| അരി | നെല്ല് (വിരിപ്പ്)-പാലുറച്ച പരുവം -ബ്ലാസ്റ്റ് രോഗം- ഇടവിട്ടുള്ള മഴ നെല്ലിലെ ബ്ലാസ്റ്റ് രോഗം അധികരിക്കുന്നതിനു കാരണമാകുന്നു. കണ്ണിൻറെ ആകൃതിയിലുള്ള പുള്ളിക്കുത്തുകൾ വരുകയും അവ കൂടിച്ചേർന്ന് ഇലകൾ കരിഞ്ഞു പോകുന്നതുമാണ് ലക്ഷണം. ഇതിനു മുൻകരുതലായി 20 ഗ്രാം സ്യൂഡോമൊണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് കൊടുക്കുക. രോഗബാധ ഉണ്ടെങ്കിൽ ഐസോപ്രൊതയോലേൻ 40 ഇ.സി. (Isoprothiolane 40 EC) ഒരു ലിറ്ററിന് 1.5 ml എന്ന തോതിൽ തളിച്ച് കൊടുക്കുക. |
| നിലക്കടല | നിലക്കടല -പരിചരണം- സെപ്റ്റംബർ-ഒക്ടോബർ മാസങ്ങൾ നിലക്കടല നടുന്നതിനു അനുയോജ്യമായ സമയമാണ്. ഒരു ഏക്കറിന് 40 കിലോ എന്ന തോതിൽ വിതയ്ക്കു ഒരാഴ്ച മുന്നേ നിലക്കടലയുടെ തോട് വിത്തിനു ക്ഷതമേൽക്കാതെ കൈകൊണ്ട് പൊട്ടിച്ചെടുക്കണം. അധികം ആഴത്തിൽ പോകാതെ കൃഷിയിടം നല്ലതുപോലെ ഉഴുതുമറിക്കണം. കുമ്മായം അല്ലെങ്കിൽ ഡോളോമൈറ്റ് 1 മുതൽ 3 കിലോ ഒരു സെന്ററിന് എന്നതോതിൽ മണ്ണിൻറെ അമ്ളാംശം അനുസരിച്ചു ഇട്ടുകൊടുക്കുക. ശേഷം സെന്റ് ഒന്നിന് 80 കിലോ എന്ന കണക്കിൽ ജൈവവളം ചേർക്കുക. 10 ദിവസത്തിന് ശേഷം നിലം ഒരുക്കി സെന്റ് ഒന്നിന് 87 ഗ്രാം യൂറിയ, 1665 ഗ്രാം റോക്ക് ഫോസ്ഫേറ്റ്, 50 ഗ്രാം പൊട്ടാഷ് എന്നിവ ചേർത്ത് ഒരടി ഉയരത്തിൽ തടം കോരിയെടുക്കുക. തടങ്ങൾ തമ്മിൽ കാൽ മീറ്റർ അകലം നൽകി നീളത്തിലോ കുറുകയോ ചാലെടുക്കുക. ശേഷം ആരോഗ്യമുള്ള വിത്തുകൾ റൈസോബിയം ചേർത്ത് (ഒരു ഏക്കറിന് 200 ഗ്രാം റൈസോബിയം) വിത്തുപരിചരണം നടത്തി കുറഞ്ഞത് 15 സെന്റിമീറ്റർ അകലത്തിൽ തടത്തിൽ പാകുക. |

## ഹോർട്ടി കൾച്ചർ നിർദ്ദിഷ്ട ഉപദേശം:

| ഹോർട്ടി കൾച്ചർ | ഹോർട്ടി കൾച്ചർ നിർദ്ദിഷ്ട ഉപദേശം |
|---|---|
| കാബേജ് | ക്യാബേജ്, കോളിഫ്ലവർ -പരിചരണം- ക്യാബേജ്, കോളിഫ്ലവർ എന്നിവയുടെ, സമതലങ്ങളിൽ നടുന്നതിനു അനുയോജ്യമായ നാംദാരി വിത്തിനങ്ങൾ പ്രോട്രേകളിൽ പാകി മുളപ്പിക്കുന്നതിനു യോജിച്ച സമയമാണ്. പ്രോട്രേകളിൽ ചകിരിച്ചോറ്, പെർലൈറ്റ്, വെർമികുലൈറ്റ്, ട്രൈക്കോഡെർമ സമ്പുഷ്ട ജൈവവളം എന്നിവ 1:1:1:3 എന്ന അനുപാതത്തിൽ നിറച്ചു വിത്തുകൾ പാകുന്നത് ആരോഗ്യമുള്ള വേരുകൾ ഉണ്ടാകുന്നതിനും തൈചീയൽ രോഗത്തെ പ്രതിരോധിക്കുന്നതിനും വിളകളെ സഹായിക്കുന്നു. |

## ലൈവ് സ്റ്റോക്ക് നിർദ്ദിഷ്ട ഉപദേശം:

| ലൈവ് സ്റ്റോക്ക് | ലൈവ് സ്റ്റോക്ക് നിർദ്ദിഷ്ട ഉപദേശം |
|---|---|
| പശു | മൃഗസംരക്ഷണം-: കാലിത്തൊഴുത്തിൽ അഴുക്കുവെള്ളം കെട്ടികിടക്കുന്നത് അകിടുവീക്കം ഉണ്ടാകാൻ കരണമാകുന്നതിനാൽ തൊഴുത്തിൽ വെള്ളം കെട്ടി നിൽക്കാതിരിക്കാൻ ശ്രദ്ധിക്കുക. |

## കാലാവസ്ഥ മുന്നറിയിപ്പുകളുടെ സാധ്യതാപരമായ ആഘാതങ്ങൾ (പൊതുവായ):

| |
|---|
| - |

## പ്രഭാവ അധിഷ്ഠിത ഉപദേശം (സാധാരണ):

| |
|---|
| - |

**Farmers are advised to download Unified �Mausam� and "Meghdoot" android application on mobile for Weather forecast and weather based Agromet Advisories and "Damini" android application for forecast of Thunderstorm and lightening.**

**Mausam MobileApp link: https://play.google.com/store/apps/details/**

**Meghdoot MobileApp link: https://play.google.com/store/apps/details**

**Damini MobileApp link : https://play.google.com/store/apps/details**